സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ- ഒരു മതേതരാനന്തരവായന

ഡോ. നീന തോമസ് *



**സംഗ്രഹം**

മതവും സെക്യുലറിസവും ആധുനിക ജീവിതാവസ്ഥകളെ വ്യാഖ്യാനിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുന്ന പുതിയ കാലഘട്ടത്തിൽ മതേതര ചിന്തകൾക്ക് ഏറെ പ്രസക്തിയുണ്ട്. മതേതര ഇന്ത്യയുടെ ഭൂമികയിൽ യൂറോപ്യൻ ഉൽപ്പന്നമായ പോസ്റ്റ് സെക്യുലറിസ്റ്റ് ചിന്തകളുടെ പുനർവ്യാഖ്യാനം ഭിന്നമാതൃകയിലാണ് നിർവഹിക്കപ്പെടുന്നത്. ഇന്ത്യയുടെ ഭൗതിക പശ്ചാത്തലത്തെ നിയന്ത്രിക്കുന്നതിൽ ജാതീയതയ്ക്ക് നിർണായകമായ പങ്കുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ചാൾസ് ടൈലറുടെ പോസ്റ്റ് സെക്കുലറിസ്റ്റ് ചിന്തകളെ ആധാരമാക്കി എസ്. ഹരീഷിന്റെ 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയുടെ മതേതരാനന്തര വായനയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ** – മതേതരാനന്തരം, മതേതരത്വം, അധികാരം

സെക്കുലർ ജ്ഞാനശാസ്ത്രത്തെപ്പറ്റിയുള്ള തിരിച്ചറിവ് മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധത്തെ പൊളിച്ചെഴുതുകയും പുനർക്രമീകരിക്കുകയും ചെയ്ത നവകാലഘട്ടത്തിൽ മതം, രാഷ്ട്രീയം, ലിംഗം, ജാതി തുടങ്ങിയ സംവർഗ്ഗങ്ങളെ അവ എപ്രകാരം സ്വാഗതം ചെയ്തുവെന്നത് ചിന്തനീയമാണ്. ചാൾസ് ടൈലർ, യൂർഗൻ ഹാബർ മാസ്, തലാൽ അസദ് തുടങ്ങിയവർ മുന്നോട്ടുവെച്ച പോസ്റ്റ് സെക്കുലറിസ്റ്റിക് സമീപനങ്ങൾ സംവാദാത്മകമായ വിമർശന പാഠങ്ങൾ ഉൾക്കൊള്ളുന്നു. മതവും അധികാരവും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നവൽക്കരണം ഇവിടെ സാധ്യമാണ്.

സെക്യുലറിസത്തിന്റെ ചരിത്രപരതയെ മുൻനിർത്തി സൈദ്ധാന്തിക വിശകലനങ്ങൾ നടത്തിയവരിൽ പ്രധാനിയാണ് ചാൾസ് ടൈലർ. അദ്ദേഹത്തിന്റെ 'The Secular Age' എന്ന ഗ്രന്ഥത്തിൽ സെക്യുലാരിറ്റിക്ക് പ്രധാനമായും മൂന്ന് വ്യാഖ്യാനങ്ങൾ നൽകുന്നുണ്ട്. "ആദ്യത്തെ അർഥം, ഇന്നത്തെ സമൂഹത്തിൽ ആർക്കും ദൈവത്തെക്കുറിച്ച് ചിന്തിക്കാതെതന്നെ രാഷ്ട്രീയമായി ഇടപെടാം എന്നതാണ്. പണ്ട്, എല്ലാം ദൈവം നിർണയിക്കുന്നു എന്ന് വിശ്വസിക്കൽ നിർബന്ധമായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയൊരു സ്ഥിതിവിശേഷം പൊതുവെ ഇല്ല. രണ്ടാമത്തെ അർഥം, ഇന്ന് ലോകമാകെ മതവിശ്വാസം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ്. ആളുകൾ വിശ്വാസകേന്ദ്രങ്ങളിൽ പോകുന്നത് കുറഞ്ഞു എന്ന് ടൈലർ മനസ്സിലാക്കുന്നു. ഈ രണ്ട് അർഥങ്ങളും

* അസി.പ്രൊഫസർ, മലയാളവിഭാഗം, നിർമല കോളേജ് മൂവാറ്റുപുഴ

 ISSN No: 3049-0316 

സാമൂഹികശാസ്ത്രത്തിൽ ഏറെ സ്വീകരിക്കപ്പെട്ട മാക്സ് വെബറുടെ 'മതേതരവൽക്കരണസിദ്ധാന്ത'ത്തിന്റെ തുടർച്ചയാണ്. വിശ്വാസത്തിന് പുതിയൊരു മാനദണ്ഡം നിർമിക്കപ്പെട്ടുവെന്നാണ് മൂന്നാമത്തെ അർഥമായി ടൈലർ കരുതുന്നത്. മതവിശ്വാസത്തെ ചരിത്രപരമായ ഒരു തീർപ്പായി മനസ്സിലാക്കുന്ന സമൂഹത്തിൽനിന്ന് വിശ്വാസത്തെ ഒരു തെരഞ്ഞെടുപ്പായി മാത്രം സങ്കൽപിക്കുന്ന സാമൂഹികാവസ്ഥയിലേക്കുള്ള മാറ്റമാണ് ഈ മൂന്നാമത്തെ അർഥം ഉൾക്കൊള്ളുന്നത്. മതേതര യുഗത്തിൽ മതവിശ്വാസമെന്നത് ഒരുപാട് തെരഞ്ഞെടുപ്പുകളിൽ ഒന്നായി മാറി. ഇതാവട്ടെ ഇന്നത്തെ പാശ്ചാത്യ സമൂഹങ്ങളുടെയും ഉത്തര അറ്റ്ലാന്റിക് സമൂഹങ്ങളുടെയും പൊതു പ്രത്യേകതയായി ടൈലർ കണക്കാക്കുന്നു. ഈ മൂന്നു നിഗമനങ്ങളാണ് ടൈലറുടെ മതേതരവിമർശന വീക്ഷണത്തിന്റെ പരികൽപനാപരമായ അടിസ്ഥാനമായി നിലകൊള്ളുന്നത് " (അഷ്റഫ് 2022:70). മനുഷ്യന്റെ വ്യവഹാരികലോകത്തെ മതം എപ്രകാരമാണ് പുതുക്കലുകൾക്ക് വിധേയമാക്കുന്നതെന്ന് ടൈലറുടെ ചിന്തകൾ വ്യക്തമാക്കുന്നു.

**മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ..**

'വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ"

ശ്രീനാരായണഗുരുവിനെക്കുറിച്ച് കുമാരനാശാൻ എഴുതിയ 'ഗുരുസ്തവ'ത്തിലേതാണ് പ്രസ്തുത വരികൾ. 'അവിടുന്ന് സമൂഹത്തിൽ നടമാടുന്ന വാദപ്രതിവാദങ്ങൾ കേട്ടും സംഘട്ടനങ്ങൾ കണ്ടും സ്ഥിരമായി ആനന്ദഭാവത്തിൽ ഒരു മലപോലെ വർത്തിക്കുന്നുവല്ലോ. വേദത്തിന്റെയും ആഗമത്തിന്റെയും സാരങ്ങൾ ഒന്നുതന്നെയെന്ന തത്ത്വം സാക്ഷാത്കരിച്ചത് അവിടുന്ന് ഒരുവൻ മാത്രമാണ്. അതുകൊണ്ട് അല്ലയോ ഗുരുമൂർത്തേ! അവിടുന്ന് മതഭേദവും അതിനെത്തുടർന്നുള്ള മദം, മാത്സര്യം തുടങ്ങിയ ദ്വൈതവികാരങ്ങളുമെല്ലാം ഉപേക്ഷിച്ച് പരമമായ അദ്വൈതാവസ്ഥയിൽ വിരാജിക്കുന്നുവല്ലോ' എന്നാണ് സച്ചിദാനന്ദസ്വാമികൾ ഇതിനു നൽകുന്ന വ്യാഖ്യാനം. പ്രസ്തുത കൃതിയെ കേന്ദ്രീകരിച്ച് എസ്. ഹരീഷ് എഴുതിയ കഥയാണ് 'മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ'. ശ്രീനാരായണഗുരുവിന്റെ അദ്ധ്യാത്മിക ദർശനങ്ങളും സമകാലിക യാഥാർത്ഥ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് കഥയുടെ അന്തർധാര. ജാതിവ്യവസ്ഥയെ വെല്ലുവിളിക്കുകയും ജാതീയമായ അതിർവരമ്പുകൾക്കപ്പുറം മനുഷ്യന്റെ ഐക്യം വിഭാവനം ചെയ്യുകയും ചെയ്ത ആത്മീയ ആചാര്യനായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ വേദാന്ത ആത്മീയത ജാതിഭേദത്തെ നിരാകരിക്കുന്നതും ആചാരാനുഷ്ഠാനങ്ങളിലുള്ള തുല്യത ഉറപ്പുവരുത്തുന്നതുമായിരുന്നു. സാമൂഹിക നിർമ്മിതിയായ ജാതിവ്യവസ്ഥ നിരാകരിച്ചുകൊണ്ട് പകരം പുതിയ വ്യവസ്ഥ സൃഷ്ടിക്കുകയാണ് ഗുരു ചെയ്തത്. വർഷങ്ങൾക്കു മുൻപ് ശ്രീനാരായണഗുരു അനുഷ്ഠിച്ച ഈ സാംസ്കാരികധർമ്മം ഇന്ന് സ്ഥാപനവൽക്കരിക്കപെട്ടിരിക്കുന്നു. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും മനുഷ്യന്റെ സാംസ്കാരിക പരിസരങ്ങളിലും പ്രബലമായിക്കൊണ്ടിരിക്കുന്ന സ്ഥാപനവൽക്കരണത്തിന്റെ ദുരന്തവശങ്ങൾ എസ്. ഹരീഷിന്റെ കഥ വിമർശനവിധേയമാക്കുന്നു. നായർ യുവാവായ അനൂപും ഈഴവ യുവതിയായ പവിത്രയും തമ്മിലുള്ള പ്രണയം-ജാതീയമായ അനിഷ്ടങ്ങൾ നിലനിൽക്കെത്തന്നെ വിവാഹത്തിനു വേണ്ടിയുള്ള ഒരുക്കങ്ങളുമായി പവിത്രയുടെ വീട്ടിൽ ഇരുകൂട്ടരും ഒരുമിച്ച് ചേരുന്നത്- തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങൾ ആദിയായ ഘടകങ്ങൾ കഥാഗതിയെ നിയന്ത്രിക്കുന്നു. മതേതരത്വത്തിന്റെ പുതിയ കാലഘട്ടത്തിൽ മതവും ജാതിയും പുതിയ രൂപത്തിൽ മനുഷ്യന്റെ സാമൂഹികക്രമത്തെ സ്വാധീനിക്കുന്നതിന്റെ അടയാളങ്ങൾ ഈ കഥയിൽ കണ്ടെത്താവുന്നതാണ്.

**മതേതരാനന്തരവ്യാഖ്യാനങ്ങൾ**

മതത്തെ സംബന്ധിച്ച പൊതുബോധത്തിന്റെ നിരാകരണം പോസ്റ്റ്സെക്കുലറിസ്റ്റ് ചിന്തകളുടെ ഭാഗമാണ്. "മനുഷ്യൻ മതത്തിൽ നിന്ന് മോചിതനായി മതേതരനും പൂർണ്ണമനുഷ്യനും ആകുന്ന പുരോഗമന ചരിത്രവീക്ഷണം ഒരു ന്യൂനീകരണമായി ടൈലർ മനസ്സിലാക്കുന്നു"(അഷ്റഫ് 2022:71). ആത്യന്തികമായി ആത്മീയതയും സാമൂഹികനീതിയും തമ്മിലുള്ള അനുരഞ്ജനമാണ് ഗുരുദർശനം ലക്ഷ്യമാക്കുന്നത്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' തുടങ്ങിയ സങ്കല്പങ്ങൾ സമൂഹത്തിന്റെ പരമ്പരാഗത മതബോധത്തിന്റെ നിരാകരണവും ആത്മീയതയുടെ ജനാധിപത്യവൽക്കരണവും ഉന്നം വയ്ക്കുന്നു. ജാതിവ്യവസ്ഥയുടെ നീതീകരണത്തെ പിന്താങ്ങുന്ന മതബോധത്തിന്റെ നിരാസം ശ്രേണിബന്ധമായ

ISSN No: 3049-0316
വാല്യം 2 ലക്കം 4 ജൂലൈ 2026

സാമൂഹിക അധികാരക്രമങ്ങളെ തകിടം മറിക്കാൻ പര്യാപ്തമായിരുന്നു. ശ്രീനാരായണഗുരു വിഭാവനം ചെയ്ത ആധ്യാത്മിക ദർശനങ്ങൾ ആത്മീയസമത്വവും സാമൂഹികസമത്വവും ഉറപ്പുവരുത്തുന്നവയായിരുന്നു. എന്നിരുന്നാലും നവസാഹചര്യത്തിൽ അവ അട്ടിമറിക്കപ്പെടുകയോ വെള്ളം ചേർക്കപ്പെടുകയോ ചെയ്യുന്ന അവസ്ഥ സംജാതമായിരിക്കുന്നു. എസ്. ഹരീഷിന്റെ കഥ ഇത്തരമൊരു സാംസ്കാരിക ജീർണ്ണതയുടെ ദുരന്തവശത്തെ അനാവരണം ചെയ്യുന്നു.

## മതവിശ്വാസത്തിന്റെ തകർച്ച

മതപരതയിൽ ഊന്നിയ കേരളത്തിന്റെ ജാതിവ്യവസ്ഥയോടുള്ള നിഷേധാത്മക മനോഭാവമാണ് ശ്രീനാരായണഗുരുവിന്റെ സാമൂഹികപരിഷ്കരണശ്രമങ്ങൾക്ക് അടിത്തറ പാകിയത്. അധികാരത്തിന്റെ അപരമായി മതം രൂപപ്പെട്ട പ്രസ്തുത കാലഘട്ടത്തിൽ ശ്രീനാരായണഗുരുവിന്റെ വിപ്ലവാത്മകമായ ദർശനങ്ങൾ സമൂഹത്തിൽ ആഴമായ സ്വാധീനം ചെലുത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം മതവിശ്വാസത്തിന്റെ പ്രത്യക്ഷമായ തകർച്ചയല്ല വിശ്വാസത്തിൽ ഉൾച്ചേർന്നിട്ടുള്ള ജീർണ്ണാവസ്ഥകളുടെ നിരാകരണമാണ് നവോത്ഥാനത്തിൽ സംഭവിച്ചത്. അതുവഴി ബ്രാഹ്മണ്യത്തിൽ അടിസ്ഥാനമിട്ട ജാതിമതചിന്തകളുടെ തകർച്ച യാഥാർത്ഥ്യമായി. ജാതീയമായ അധികാര ശ്രേണികൾ നഷ്ടമായ സാംസ്കാരിക അന്തരീക്ഷത്തിൽ സമൂഹനിഷ്ഠ ആത്മീയതയ്ക്ക് പ്രാബല്യം ലഭിക്കുന്നത് ഇപ്രകാരമാണ്.

‘മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിസൈവം
ഹാ! തത്ത്വം വേത്തി കോ പിന’

എന്ന് “ജാതിനിർണയ’ത്തിൽ ശ്രീനാരായണഗുരു പറയുന്നു.2 ഗുരുവിന്റെ ആശയങ്ങൾക്ക് കാലാന്തരത്തിൽ സംഭവിച്ച മൂല്യത്തകർച്ച എസ്. ഹരീഷിന്റെ കഥയിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്. പവിത്രയുടെയും അനൂപിന്റെയും വിവാഹവുമായി ബന്ധപ്പെട്ട് ഒരുമിച്ചു കൂടിയിരിക്കുന്ന കുടുംബാംഗങ്ങൾക്കിടയിൽ നടക്കുന്ന സംഭാഷണങ്ങൾ ജാതി കേന്ദ്രീകൃതമാണ്. മനുഷ്യമനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള ജാതിവേരുകൾ എളുപ്പം പൊട്ടിച്ച് മാറ്റാവുന്നതല്ലെന്ന് ഈ കഥ ബോധ്യപ്പെടുത്തുന്നു. പവിത്രയുടെയും അനൂപിന്റെയും നിർബന്ധത്തിന് വഴങ്ങിയാണ് വ്യത്യസ്ത ജാതിയിൽപ്പെട്ട രണ്ടു കുടുംബങ്ങൾ വിവാഹത്തിനുവേണ്ടി ഒരുമിക്കുന്നത്. പക്ഷേ ജാതീയത ഉപേക്ഷിക്കാൻ അവർ തയ്യാറല്ല. പല ഘട്ടങ്ങളിലും ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങൾ പിന്തള്ളപ്പെടുന്നതിന്റെയും വരേണ്യ ജാതിചിന്തയുടെ മേൽക്കോയ്മ പ്രകടമാകുന്നതിന്റെയും പ്രതീകങ്ങൾ കഥയിൽ കാണാം. ‘മദ്യം വിഷമാണ്. അത് ഉണ്ടാകരുത്. കൊടുക്കരുത്. കുടിക്കരുത്’ എന്ന് ഉദ്ബോധിപ്പിച്ച ഗുരുവിന്റെ ചിത്രമാണ് ഒരുകാലത്ത് പവിത്രയുടെ മുത്തച്ഛൻ കള്ള് ഷാപ്പിൽ തൂക്കിയിട്ടിരുന്നത്. അതുപോലെ പവിത്രയുടെയും അനൂപിന്റെയും വിവാഹശേഷം ഒരുമിച്ച് യാത്ര ചെയ്യുന്ന കുടുംബാംഗങ്ങൾക്കിടയിലെ ഒരു ചിത്രം കഥാകൃത്ത് പങ്കുവയ്ക്കുന്നത് ശ്രദ്ധിക്കുക: “രാവിലെ ഉണർന്ന് പല്ലു തേച്ച്കഴുകി ബ്രഷ് ചന്ദ്രമോഹൻ അരയിൽ മുണ്ടോടു ചേർത്ത് കത്തിപോലെ കുത്തിനിർത്തിയത് അനൂപിന്റച്ഛൻ കൗതുകത്തോടെ നോക്കി. ചെറുപ്പത്തിൽ കണ്ട പനകയറ്റക്കാരൻ കുഞ്ഞപ്പനെ ഓർമ്മവന്നെങ്കിലും അയാളത് മനസ്സിൽ തിരുത്തി” (ഹരീഷ് 2018:116). ആദർശവും യാഥാർത്ഥ്യവും രണ്ടായി തുടരുന്നതിലെ വൈരുദ്ധ്യം ഇവിടെ വിമർശിക്കപ്പെടുന്നു. പാരമ്പര്യവും കുലമഹിമയും മുറുകെപ്പിടിക്കുന്ന ഉയർന്ന ജാതിക്കാർക്കു മുന്നിൽ, അത്തരം പദവികളില്ലാത്തവർ കീഴ്ജാതിക്കാരായി മാറേണ്ടിവരുന്ന സാമൂഹികാവസ്ഥ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു.

## മതത്തിന്റെ അരികുവൽക്കരണം

മതജാതിചിന്തകൾക്ക് വേരോട്ടമുള്ള ഒരു സമൂഹത്തിൽ പ്രാമാണ്യമുള്ള മതം മുഖ്യധാരയിലും ഇതര മതങ്ങൾ പിന്തള്ളപ്പെട്ടും കഴിയുന്ന സ്ഥിതിവിശേഷം സാധാരണമാണ്. പൊതുമണ്ഡലത്തിൽ മതജീവിതത്തിന്റെ അരികുവൽക്കരണം സംഭവിക്കുന്നത് വ്യത്യസ്തരീതിയിലാണ്. ജാതിബദ്ധമായ സമൂഹത്തിൽ മതജീവിതം വ്യത്യസ്ത തട്ടുകൾ ആയി ക്രമീകരിക്കപ്പെട്ടിരുന്നു. ആചാരാനുഷ്ഠാന വിശ്വാസാദികളിൽ പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന ഒരുപറ്റം ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതിൽ ഗുരു വഹിച്ച പങ്ക് ചെറുതല്ല. മതത്തെ മനുഷ്യന്റെ സ്വകാര്യതയിൽ നിന്നും മോചിപ്പിച്ച് സാർവത്രികമാനം സൃഷ്ടിക്കുന്നതിൽ ഗുരു വിജയിച്ചു. ജാതിയുടെയോ മതത്തിന്റെയോ നിറത്തിന്റെയോ പേരിൽ

 ISSN No: 3049-0316 

മാറ്റിനിർത്തപ്പെടുന്നതിനെതിരെയുള്ള ശക്തമായ പ്രതിഷേധം അദ്ദേഹത്തിന്റെ ദർശനങ്ങളിൽ പ്രകടമാണ്. ഗുരു അവതരിപ്പിച്ച ആശയങ്ങൾ സമകാലിക ഘട്ടത്തിൽ ചോദ്യം ചെയ്യപ്പെടുന്നതിന്റെ അടയാളങ്ങൾ കഥയിൽനിന്നും വായിച്ചെടുക്കാവുന്നതാണ്. ശ്രീനാരായണഗുരുവിന്റെ പ്രതിമ മാറ്റി പകരം ചതുർഭുജപ്രതിമ പുനഃപ്രതിഷ്ഠിക്കാനുള്ള ശ്രമം കഥയിലുണ്ട്. ഇത് പഴയ ജാതിവ്യവസ്ഥയെ പുനഃപ്രതിഷ്ഠിക്കുന്നതിന്റെ അടയാളമായി കണക്കാക്കാം. ഗുരുവിന്റെ ആദർശങ്ങൾ സമകാലിക സമൂഹത്തിൽ നിഷേധിക്കപ്പെടുന്നതിന്റെ മാത്രമല്ല ഗുരുവിനെ പരസ്യമായി തള്ളിപ്പറയുന്നതിന്റെ അടയാളം കൂടിയായി ഇതിനെ മനസ്സിലാക്കേണ്ടതുണ്ട്. കഥാപാത്രങ്ങൾക്കിടയിലെ ജാതീയസംഘർഷം സംഭാഷണങ്ങളിലൂടെ പുറത്തുവരുന്നുണ്ട്. പപ്പടം വറുക്കുക x പപ്പടം കാച്ചുക, ചോറ് തിന്നുക x ചോറ് ഉണ്ണുക തുടങ്ങിയ പ്രയോഗങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ജാതിരാഷ്ട്രീയം ശ്രദ്ധേയമാണ്. ഇപ്രകാരം പഴയ ജാതിചിന്തയെ സമൂഹത്തിലും വ്യക്തിമനസ്സിലും പുനഃപ്രതിഷ്ഠിക്കുകയും സാധാരണ മനുഷ്യരുടെ വിശ്വാസങ്ങളും പ്രവർത്തികളും അരികവത്കരിക്കപ്പെടുകയും ചെയ്യുന്ന സാമൂഹികദുരന്തത്തിനെതിരെയുള്ള കലാപമായി ഈ കഥ മാറുന്നു.

**ബഹുസ്വരത**

ആധുനികതയ്ക്ക് മുമ്പ് മതം മനുഷ്യ ജീവിതത്തിന്റെ അഭിവാജ്യ ഘടകമായിരുന്നു. ജീവിതവും വിശ്വാസവും തമ്മിലുള്ള ബന്ധം സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ മതേതര കാലഘട്ടത്തിൽ സ്ഥിതി വ്യത്യസ്തമാണ്. മനുഷ്യന്റെ തിരഞ്ഞെടുപ്പും സ്വാതന്ത്ര്യവുമാണ് പ്രധാനം. പലതിൽനിന്നും ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ഫലമായി അധികാരത്തിനെതിരെയുള്ള പരമ്പരാഗത മതബോധത്തിന്റെ തിരസ്കരണം ബോധപൂർവ്വമോ അബോധപൂർവ്വമോ സംഭവിക്കുന്നു. മനുഷ്യന്റെ ബഹുമുഖത്വത്തെയും സ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്ന ചിന്തകളെന്ന നിലയ്ക്ക് ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾക്ക് പോസ്റ്റ് സെക്കുലറിസ്റ്റ് കാലഘട്ടത്തിൽ പ്രസക്തിയുണ്ട്.

'ഇല്ല ജാതിയിലൊന്നുണ്ടോ വല്ലതും ഭേദമോർക്കുകിൽ
ചൊല്ലേറും വ്യക്തിഭാഗത്തിലല്ലേ ഭേദമിരുന്നിടൂ'

എന്നാണ് ശ്രീനാരായണഗുരു 'ജാതിനിർണയ'ത്തിൽ പറഞ്ഞിട്ടുള്ളത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പാണ് പ്രധാനം. ഭേദങ്ങളില്ലാത്തവർക്ക് തിരഞ്ഞെടുപ്പ് എളുപ്പമാണ്. ജാതിയെ മറികടന്ന് ജീവിതം തിരഞ്ഞെടുത്ത പവിത്രയും അന്വപും കഥയിൽ അതിന്റെ അടയാളങ്ങളായി തുടരുന്നു. "മാക്സ് വെബർ കരുതുന്നപോലെ മതം സെക്കുലർ യുഗത്തിൽ എവിടേക്കും പിൻവാങ്ങുന്നില്ല. പക്ഷേ, പലരും കരുതുന്നതുപോലെ മതം അവിടെ സ്ഥായിയായി തുടരുന്നുമില്ല. മതത്തിന്റെ രൂപങ്ങൾ മാറുകയും മതത്തിന്റെ മേഖലയിൽ ധാരാളം മാറ്റങ്ങൾ വരുകയും ചെയ്യുന്നുമുണ്ട്. വിശ്വാസവും യുക്തിയും ഒക്കെ ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്നുവെന്നും അത് സാധ്യമാക്കുന്ന ബഹുസ്വരത സെക്കുലർ യുഗത്തിന്റെ പ്രത്യേകതയാണെന്നും ടൈലർ കരുതുന്നു." (അഷ്റഫ് 2022:73). കഥയുടെ അവസാനം ഗുരുവിന്റെ ഫോട്ടോ സ്ഥാപിച്ചിരുന്ന ഇടം 'നന്നാക്കീട്ടെന്തിനാ മനുഷ്യാ? പൊളിച്ചുകള' (ഹരീഷ് 2018:117) എന്നാണ് പവിത്രയുടെ അമ്മ ആവശ്യപ്പെടുന്നത്. ചന്ദ്രമോഹൻ അവിടെ കാണുന്ന കാഴ്ച ഇപ്രകാരമാണ്: "ഭിത്തിയിൽ ചാരിയിരുന്ന പഴയ ഫോട്ടോ അയാളിലേക്കിനോക്കി മൂന്നു വശവും ചിതൽ പടർന്ന് അതവിടെ ഉറച്ചുപോയിരിക്കുന്നു. നന്നായി നനഞ്ഞെങ്കിലും ദ്രവിച്ചുതുടങ്ങിയെങ്കിലും മുഖം നന്നായി വ്യക്തമാണ്. ഫോട്ടോയുടെ ഏറ്റവും താഴെ കവിതയുടെ രണ്ടുവരിയും വ്യക്തമാണ്."(ഹരീഷ് 2018:117) ചില തിരഞ്ഞെടുപ്പുകളിൽ മതത്തിന്റെ നല്ല അംശങ്ങൾ ഉപേക്ഷിക്കപ്പെടുന്നതിന്റെയും ഉപേക്ഷിക്കപ്പെടേണ്ടവ ഉറച്ചുപോകുന്നതിന്റെയും ബാക്കിപ്പത്രങ്ങളായി ഇതിനെ കാണാം. 'ചിതൽ പടരുക', 'നനയുക', 'ദ്രവിച്ചു തുടങ്ങുക' തുടങ്ങിയ പദങ്ങൾ സൂചിപ്പിക്കുന്നത് ശ്രീനാരായണഗുരുവിന്റെ അദ്ധ്യാത്മിക ദർശനങ്ങളുടെ നിരാസം തന്നെയാണ്. 'മുഖം നന്നായി വ്യക്തമാണ്', 'കവിതയുടെ രണ്ടു വരിയും വ്യക്തമാണ്' തുടങ്ങിയ ഭാഗങ്ങൾ സൂചിപ്പിക്കുന്നത് മതത്തിന്റെ സ്ഥാപനവൽക്കരണത്തെയും അതിനെ അതിജീവിക്കുന്ന ശ്രീനാരായണഗുരുവിന്റെ നിർമ്മമ ഭാവത്തെയുമാണ്.

ഈഴവ സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി ഗുരു രൂപീകരിച്ച എസ്.എൻ.ഡി.പി സംഘം അതിന്റെ ലക്ഷ്യത്തിൽ നിന്ന് ഏറെ ദൂരം പിന്നോട്ട് പോയിരിക്കുന്നു. ഗുരുവിന്റെ ഏകജാതിസങ്കല്പം അക്കാലഘട്ടത്തിൽ പോലും പ്രാവർത്തികമാക്കാൻ ഗുരുവിന് സാധിക്കാത്തതിനുള്ള ദുഃഖം ഡോക്ടർ പൽപ്പുവിന് എഴുതിയ കത്തിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. 'ഈഴവനാവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്ന പുലയനും, നായരാവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്ന ഈഴവനും, നമ്പൂതിരിയാവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്ന നായരും ഒക്കെച്ചേർന്ന

ഒരു പൊതുബോധത്തിലാണ് കഥ[3] സൃഷ്ടിച്ചെടുത്തതെന്ന അഭിപ്രായം ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. ഹരീഷിന്റെ 'രസവിദ്യയുടെ ചരിത്രം' എന്ന കഥയിലും സമാനമായ ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. "മതം. രാഷ്ട്രീയം, ലിംഗം, ജാതി, സമുദായം, വർഗം, ദേശരാഷ്ട്രം, ലൈംഗികത, ദേശീയത, സംവേദനം, ഹിംസ, സ്വാതന്ത്ര്യം, ശരീരം, സ്വത്വം തുടങ്ങിയ നിരവധി സാമൂഹിക-രാഷ്ട്രീയ ഘടകങ്ങളെ നിർണയിക്കുന്ന മേൽക്കോയ്മാ അധികാരമായും സ്വാഭാവികവൽക്കരണം സംഭവിച്ച വിമർശനരഹിത സംജ്ഞയായും സെക്കുലറിസം മാറിയിരിക്കുന്നു"(അഷ്റഫ് 2022:7)വെന്ന് പോസ്റ്റ് സെക്കുലറിസ്റ്റ് പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. മതം, ജാതി, പ്രസ്ഥാനങ്ങൾ ആദിയായവ മതേതരത്വത്തിന്റെ മട്ടിൽ ദുർബലരുടെ മേൽ ആധിപത്യം ഉറപ്പിക്കുന്ന ചെയ്യുന്ന സമകാലികഘട്ടത്തിൽ ഇത്തരം കഥകൾ ഉയർത്തുന്ന ധാർമിക അന്വേഷണങ്ങൾ പ്രസക്തമാണ്.

## കുറിപ്പുകൾ

1. ശ്രീനാരായണഗുരുവിന്റെ ഷഷ്ടിപൂർത്തി യോടനുബന്ധിച്ചാണ് 1916- ൽ കുമാരനാശാൻ 'ഗുരുസ്തവം' എഴുതിയത്. 'സമാജസ്തുതി' 'ഗുരുസ്തുതി' 'ഗുരുസ്തവം' തുടങ്ങിയ പേരുകളിൽ ഇത് അറിയപ്പെടുന്നു. sivagiri.com/article-details?id=73
2. എപ്രകാരമാണോ പശുവർഗ്ഗത്തിൽപ്പെട്ട ജന്തുക്കൾക്ക് ഗോവിന്റെ ഭാവം എന്ന അർത്ഥമുള്ള ഗോത്വം ജാതിയാണെന്ന് തർക്കശാസ്ത്രത്തിലും മറ്റും കരുതപ്പെടുന്നത് അതുപോലെ മനുഷ്യർക്ക് മനുഷ്യത്വമെന്നത് ജാതിയായി ഗണിക്കാവുന്നതാണ്. മനുഷ്യന് ജനനം കൊണ്ട് കിട്ടുന്നതായി കരുതപ്പെടുന്ന ബ്രാഹ്മണാദി ജാതി ഇപ്രകാരം യുക്തിയൊന്നുമുള്ളതല്ല. കഷ്ടം, ആരുംതന്നെ യാഥാർത്ഥ്യമെന്തെന്നറിയുന്നില്ല. ശ്രീനാരായണഗുരുവിന്റെ 'ജാതിനിർണയ'ത്തിലേതാണ് പ്രസ്തുത ഭാഗം. ഈ കൃതിയിലെ ആദ്യത്തെ ശ്ലോകം സംസ്കൃതത്തിലും മററുള്ള നാലു പദ്യങ്ങൾ മലയാളത്തിലുമാണ് രചിച്ചിട്ടുള്ളത്. സാമൂഹ്യതലത്തിൽ പരമ്പരയായി നിലനിൽക്കുന്ന ജാതി വ്യത്യാസത്തെപ്പറ്റിയുള്ള ആശയം ഉടലെടുത്തിട്ടുള്ളത് സംസ്കൃതഭാഷയിലാണ്. അതുകൊണ്ട് ആ വിഷയത്തെ പരാമർശിക്കുന്ന ഈ കൃതി സംസ്കൃതശ്ലോകംകൊണ്ട് തുടങ്ങിയിരിക്കുന്നു.
3. 'എന്റെ ഡോക്ടർ അവർകൾക്ക്, യോഗത്തിന്റെ നിശ്ചയങ്ങൾ എല്ലാം നാം അറിയാതെ പാസ്സാക്കുന്നതുകൊണ്ടും യോഗത്തിന്റെ ആനുകൂല്യം ഒന്നും നമ്മെ സംബന്ധിച്ച കാര്യത്തിൽ ഇല്ലാത്തതുകൊണ്ടും യോഗത്തിന്റെ ജാത്യഭിമാനം വർധിച്ചുവരുന്നതുകൊണ്ടും മുൻപേതന്നെ മനസ്സിൽനിന്നും വിട്ടിരുന്നതുപോലെ ഇപ്പോൾ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും യോഗത്തെ വിട്ടിരിക്കുന്നു' എന്നാണ് അന്ന് ശ്രീനാരായണ ഗുരു എഴുതിയത്. https://ml.m.wikipedia.org/വിക്കിപീഡിയ
3. ഒരു 'ജ്ജാതി'ക്കാലത്തെ കഥ, പി. നിഖിൽ നവമലയാളി, / October 7, 2016 Share on facebookShare on pinterestShare on twitterShare on linkedin-

https://navamalayali.com/2016/10/07/review-1-nikhilp/

## ഗ്രന്ഥസൂചി

1. കെ. അഷറഫ്, പോസ്റ്റ് സെക്കുലറിസം, 2022, ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് കോഴിക്കോട്.
2. എസ്.ഹരീഷ്, മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ, 2018, കഥാതീരം, യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം, കോട്ടയം
3. ശ്രീനാരായണഗുരു, ജാതി നിർണയം,വ്യാഖ്യാനം നടരാജഗുരുവ്യാഖ്യാനം നടരാജഗുരു, ഗുരുകുലം, വർക്കല, 2015